പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം: **5036**

04.07.2012 ൽ മറുപടി നൽകേണ്ടിയിരുന്നത്

## ഇടുക്കിയിലെ രാഷ്ട്രീയ കൊലപാതകം പുനരന്വേഷണത്തിന്റെ നിയമസാധുത

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എസ്. രാജേന്ദ്രൻ | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) ഇടുക്കിയിൽ മണക്കാട് ശ്രീ. എം.എം.മണി നടത്തിയതായ പ്രസംഗത്തിലെ വെളിപ്പെടുത്തലുകളുടെ അടിസ്ഥാനത്തിൽ തുടർ അന്വേഷണവും പുനർ അന്വേഷണവും വേണമെന്ന് തീരുമാനിച്ചിട്ടുള്ള കേസുകൾ ഏതെല്ലാമാണ്; പ്രസ്തുത കേസുകൾ ഓരോന്നും നിലവിൽ ഏതെല്ലാം കോടതികളിൽ നിന്നും അന്തിമവിധിയായിട്ടുള്ളതാണ് ; | (എ) ഇടുക്കിയിൽ മണക്കാട് വച്ച് ശ്രീ. എം.എം.മണി നടത്തിയതായ പ്രസംഗത്തിലെ വെളിപ്പെടുത്തലുകൾ സംബന്ധിച്ച് തൊടുപുഴ പോലീസ് സ്റ്റേഷൻ ക്രൈം 1196/12 നമ്പരായി കേസ് രജിസ്റ്റർ ചെയ്യുകയും, അതിന്റെ അടിസ്ഥാനത്തിൽ, അഞ്ചേരി ബേബി കൊല്ലപ്പെട്ടതു സംബന്ധിച്ച് രജിസ്റ്റർ ചെയ്ത ശാന്തമ്പാറ പോലീസ് സ്റ്റേഷൻ ക്രൈം 118/82,മുള്ളൻചിറ മത്തായി കൊല്ലപ്പെട്ടതു സംബന്ധിച്ച് രജിസ്റ്റർ ചെയ്ത രാജാക്കാട് പോലീസ് സ്റ്റേഷൻ ക്രൈം 2/83, നാണപ്പൻ കൊല്ലപ്പെട്ടതു സംബന്ധിച്ച് രജിസ്റ്റർ ചെയ്ത ശാന്തമ്പാറ പോലീസ് സ്റ്റേഷൻ ക്രൈം 65/83, ബാലസുബ്രഹ്മണ്യൻ എന്ന ബാലു കൊല്ലപ്പെട്ടതു സംബന്ധിച്ച് രജിസ്റ്റർ ചെയ്ത പീരുമേട് പോലീസ് സ്റ്റേഷൻ ക്രൈം 206/04 നമ്പർ കേസുകൾ അടിമാലി, നെടുങ്കണ്ടം, പീരുമേട് കോടതികളിൽ റിപ്പോർട്ട് സമർപ്പിച്ച് സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീം അന്വേഷണം നടത്തി വരുന്നതാണ്. ടി കേസ്സുകളിൽ പീരുമേട് പോലീസ് സ്റ്റേഷൻ ക്രൈം 206/04 നമ്പർ കേസിൽ ബഹു. കേരള ഹൈക്കോടതിയിൽ നിന്നും, മറ്റ് കേസ്സുകളിൽ തൊടുപുഴ സെഷൻസ് കോടതിയിൽ നിന്നും, അന്തിമ വിധി വന്നിരുന്നതാണ്. |

| | | | |
|---|---|---|---|
| (ബി) | ഇപ്പോൾ രജിസ്റ്റർ ചെയ്യപ്പെട്ട കേസ്സുകളുടെ എഫ്.ഐ.ആർ. കളും ആയത് നേരത്തെ അന്വേഷി ക്കുമ്പോൾ തയ്യാറാക്കിയിരുന്ന എഫ്.ഐ.ആർ.കളുടെയും പകർപ്പുകൾ ലഭ്യമാക്കാമോ ; | (ബി) | തൊടുപുഴ പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 1196/12 u/s 302, 109, 118 IPC പ്രകാരം രജിസ്റ്റർ ചെയ്ത കേസ്സിന്റെ എഫ്.ഐ.ആർ.ന്റെ പകർപ്പും, അഞ്ചേരി ബേബി കൊലചെയ്യപ്പെട്ട സംഭവ ത്തിന്മേൽ രാജക്കാട് പോലീസ് സ്റ്റേഷനിൽ ഇപ്പോൾ രജിസ്റ്റർ ചെയ്ത 309/2012 എന്ന കേസിന്റെ എഫ്.ഐ.ആർ.ന്റെ പകർപ്പും, ബാലു എന്ന് വിളിക്കുന്ന ബാലസുബ്രഹ്മണ്യം കൊലചെയ്യപ്പെട്ട സംഭവത്തിന്മേൽ പീരുമേട് സ്റ്റേഷനിൽ ഇപ്പോൾ രജിസ്റ്റർ ചെയ്ത 592/2012 എന്ന കേസിന്റെയും എഫ്.ഐ.ആർ.ന്റെ പകർപ്പും ഇതോടൊപ്പം ചേർക്കുന്നു. |
| (സി) | അന്തിമമായി കോടതിയിൽ നിന്നും വിധി പ്രസ്താവിച്ചിട്ടുള്ള ഒരു കേസിൽ വീണ്ടും എഫ്.ഐ.ആർ. തയ്യാറാക്കി അന്വേഷണം നടത്താനുള്ള നിയമവ്യവസ്ഥകൾ സംബന്ധിച്ച് വിശദമാക്കുമോ ; | (സി) | കോടതി അന്തിമ തീർപ്പുകൾപ്പിച്ചിട്ടുള്ള കേസുകളിൽ 1973-ലെ ക്രിമിനൽ നടപടി നിയമസംഹിതയിലെ 173-ാം വകുപ്പ് (8)-ാം ഉപവകുപ്പ് പ്രകാരം പുനരന്വേഷണം നടത്തുന്നതിന് പോലീസിന് അനുവാദമുണ്ടെന്ന് കാണുന്നു. അത്തരം കേസു കളിൽ വീണ്ടും എഫ്.ഐ.ആർ. സമർപ്പിക്കേണ്ടതില്ല.<br><br>കോടതിയിൽ വിചാരണ നടത്തി ശിക്ഷിച്ചിട്ടു ള്ളതും വെറുതെ വിട്ടതുമായ പ്രതികളുടെ പേരിൽ അതേ കുറ്റത്തിന് എഫ്.ഐ.ആർ. തയ്യാറാക്കി അന്വേഷണം നടത്താൻ CrPC 300 വകുപ്പു പ്രകാരം അനുവദിക്കുന്നില്ല. സെക്ഷൻ 319 CrPC പ്രകാരം ഇപ്പോൾ കോടതിയുടെ അനുമതിയോട് കൂടെ പുനരന്വേഷണം നടത്തുവാനും, കൂടാതെ, അന്തിമവിധി പ്രസ്താവിച്ചിട്ടുള്ള കേസ്സുകളിൽ, റിവിഷൻ പെറ്റീഷൻ ഫയൽ ചെയ്ത് കോടതിയുടെ അനുമതിയോടുകൂടി നടപടി സ്വീകരിക്കാവുന്ന താണ്. |
| (ഡി) | ഇത്തരത്തിൽ കേരളത്തിൽ ഇതിനു മുൻപ് എത്ര കേസുകൾ രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തുകയു ണ്ടായിട്ടുണ്ടെന്ന് വെളിപ്പെടു ത്താമോ ? | (ഡി) | ഇത്തരത്തിൽ കേരള പോലീസ് ഇതിന് മുൻപ് കേസുകൾ ഒന്നും രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തുകയുണ്ടായിട്ടില്ല. |

സെക്ഷൻ ഓഫീസർ

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**